**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5790** **08-07-2024 - ൽ മറുപടിയ്ക്ക്**

**പി.ആർ.എസ്. വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പി.ആർ.എസ്. വായ്പയുടെ അപേക്ഷാ ഫോറം പരിഷ്കരിച്ചതുമൂലം കർഷകർ സപ്ലൈകോയുടെ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | *പി.ആർ.എസ് വായ്പ നൽകുമ്പോൾ തയ്യാറാക്കുന്ന രേഖകൾ ബാങ്കിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് വേണ്ടി മാത്രമാണ്. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ബാങ്ക് അധികൃതരാണ്. പി.ആർ.എസ് വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി ബാങ്കിൽ നിന്നും നൽകുന്ന ഫോമുകളിൽ മാറ്റങ്ങൾ കൊണ്ടുവരുവാൻ സപ്ലൈകോയ്ക്ക് സാധിക്കുകയില്ല.*<br><br>*കർഷകന് സപ്ലൈകോയുടെ ബാദ്ധ്യത ഏറ്റെടുക്കേണ്ട സാഹചര്യം നിലവിലില്ല. പി.ആർ.എസ് വായ്പാ പദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരന്റർ (Guarantor). ആയതിനാൽ കർഷകർക്ക് പി.ആർ.എസ് വായ്പ വഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും പലിശയും അടയ്ക്കുന്നത് സപ്ലൈകോയാണ്. പിന്നീട് ഈ തുക കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് തിരികെ നൽകുന്നതാണ്. 2022-23 സീസണിലെ പിആർ എസ് വായ്പയുടെ മുതലും പലിശയും പൂർണ്ണമായും സപ്ലൈകോ അടച്ചു തീർത്തിട്ടുള്ളതാണ്.* |
| (ബി) | പി.ആർ.എസ്. വായ്പാ അപേക്ഷാ ഫോമിൽ മലയാളംകൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (ബി) | ഖണ്ഡം (എ ) യിൽ കണ്ടാലും |
| (സി) | സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. വായ്പയായി കൈപ്പറ്റാത്ത കർഷകർക്ക് നെല്ല് സംഭരിച്ച ദിവസം മുതൽ നെല്ലിന്റെ വില നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതുവരെയുള്ള കാലയളവിൽ ബാങ്ക് പലിശ നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | *കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി നടത്തിപ്പിന് കേരള സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസി മാത്രമാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ). കേന്ദ്രസർക്കാരിൽ നിന്ന് നെല്ല് സംഭരണത്തിന്റെ തുക ലഭ്യമാകുന്നതിന് താമസം നേരിടുന്നത് കൊണ്ട് സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിന്* |

| | | | |
|---|---|---|---|
| | | | *വേണ്ടിയാണ് സപ്ലൈകോ ബാങ്കുകളുമായി ചേർന്ന് 'പി.ആർ.എസ് വായ്പാ പദ്ധതി' നടപ്പിലാക്കിയിട്ടുള്ളത്.* |

സെക്ഷൻ ഓഫീസർ